ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, കേരളത്തിലെ പുതുകൃഷിക്കാരേയും ആവർത്തന കൃഷിക്കാരെയും പ്രതികൂലമായി ബാധിക്കുന്ന ഈ തീരുമാനം പുന:പരിശോധിക്കുന്നതിന് കേരള നിയമസഭയുടെ പൊതുവികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ ബഹുമാന്യമായ മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ആ കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. അത് ഞാൻ നേരത്തെ പറഞ്ഞു. നമ്മുടെ സമ്പദ്ഘടനയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഗൗരവതരമായ ഒരു പ്രശ്നമാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ നിയമസഭയുടെ പൊതുവികാരം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിനെതിരായി എന്തെല്ലാം നമുക്ക് ചെയ്യാൻ കഴിയുമോ ആ നടപടികൾ മുഴുവൻ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യുന്നതാണ്.

IV സബ്മിഷൻ

(1) പത്തനംതിട്ട ജില്ലയിലെ വല്ലന ഗവൺമെന്റ് എസ്.എൻ.ഡി.പി., യു.പി. സ്കൂളിൽ നടന്ന കായിക പരിശീലനം

ശ്രീ. അടൂർ പ്രകാശ് : സർ, പത്തനംതിട്ട ജില്ലയിലെ ആറൻമുള ഗ്രാമ പഞ്ചായത്തിലെ വല്ലന ഗവൺമെന്റ് എസ്.എൻ.ഡി.പി. യു.പി. സ്കൂളിൽ മാർക്സിസ്റ്റ് പാർട്ടിയുടെ യുവജനസംഘടനായ ഡി.വൈ.എഫ്.ഐ. യുടെ നേതൃത്വത്തിൽ മാർച്ച് മാസം 1-ാം തീയതി മുതൽ കായിക പരിശീലനം നടക്കുകയുണ്ടായി. എല്ലാ ദിവസവും വൈകിട്ട് അഞ്ചര മുതൽ ഏഴര വരെയാണ് പരിശീലനം. കിടങ്ങന്നൂർ വില്ലേജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അൻപതോളം വരുന്ന സന്നദ്ധ സേനാംഗങ്ങൾക്കാണ് പരിശീലനം കൊടുത്തത്. ഡി.വൈ.എഫ്.ഐ. വില്ലേജ് സെക്രട്ടറി കെ. പി. ഹരിദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആറൻമുള പഞ്ചായത്ത് മെമ്പർ പി. കെ. വിദ്യാധരനാണ് കായിക പരിശീലനം ഉത്ഘാടനം ചെയ്തത്. അഞ്ചടിയോളം നീളം വരുന്ന ദണ്ഡുകളും മറ്റ് ആയുധങ്ങളും ഉപയോഗിച്ചുകൊണ്ടാണ് പരിശീലനം നടത്തിയത് എന്നാണ് അറിയാൻ കഴിഞ്ഞത്. ആറൻമുള പഞ്ചായത്തിനു പുറത്തു നിന്നും എത്തിയ പ്രത്യേക പരിശീലകരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്. ഈ കായിക പരിശീലത്തിൽ വല്ലന ഗുരുമന്ദിരം തകർക്കാൻ ശ്രമിച്ച 1-ാം പ്രതി സതീഷ്കുമാറും പങ്കെടുത്തിരുന്നു. പഞ്ചായത്ത് മെമ്പർ ശ്രീ. പി. കെ. വിദ്യാധരന്റെ അനന്തിരവനാണ് ഈ സതീഷ്കുമാർ. അദ്ദേഹത്തെ മന്ദിരം ആക്രമണവുമായി ബന്ധപ്പെട്ട് നാട്ടുകാർ പിടിച്ച് പോലീസിനെ ഏല്പിച്ചതിന്റെ പിറ്റേദിവസം ദേശാഭിമാനി പത്രത്തിൽ ഒരു ചിത്രം വന്നു. അതിന്റെ അടിക്കുറുപ്പിൽ എഴുതിയിരുന്നത് ഇവർ യൂത്ത് കോൺഗ്രസിന്റെ പ്രവർത്തകരാണ് എന്നാണ്. ഇത്തരത്തിലുള്ള കായിക പരിശീലനം തടയുന്നതിന് നിയമം പാസ്സാക്കി എടുക്കുകയും ചെയ്തു- 'കേരള പോലീസ് (അമെന്റ്മെന്റ്) ബിൽ, 2000'. അതിൽ പറഞ്ഞിരിക്കുന്നത്, "It shall be deemed to have come into force on the 18th day of January, 2000.' ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമം കൊണ്ടിവരികയും ഈ നിയമത്തെ ലംഘിച്ചുകൊണ്ട് സ്കൂൾ ഗ്രൗണ്ട് അനധികൃതമായി കൈയേറി കായിക പരിശീലനം നടത്തുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്തവരുടെ പേരിൽ ഈ നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ കേസെടുത്ത് ശിക്ഷണ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ഡി.വൈ.എഫ്.ഐ. ദേശീയ സമ്മേളനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടക്കുന്ന മാർച്ച്പാസ്റ്റിൽ പങ്കെടുക്കുന്നതിന് യുവാക്കൾക്കുള്ള മാർച്ച്പാസ്റ്റ് പരിശീലന പരിപാടികൾ പല സ്ഥലത്തും നടന്നു വരുന്നുണ്ട്. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ വല്ലന യു.പി. സ്കൂളിലും മാർച്ച് 1-ാം തീയതി മുതൽ 3-ാം തീയതി വരെ ഇരുപത്തഞ്ചോളം യുവാക്കൾ പങ്കെടുത്തുകൊണ്ടുള്ള മാർച്ച്പാസ്റ്റ് പരിശീലനം നടന്നിരുന്നു. ആക്രമണ പ്രതിരോധ ഉദ്ദേശത്തോടുകൂടിയുള്ള ആയോധനമുറകൾ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ മുൻകൂട്ടി അനുമതി വാങ്ങണമെന്നാണ് കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള നിയമത്തിനു വിരുദ്ധമായ കായികപരിശീലനങ്ങൾ ഒന്നും മേൽപ്പറഞ്ഞ സ്ഥലത്ത് നടന്നതായി ഒരു പരാതിയും ഇവിടെ ലഭിച്ചിട്ടില്ല. ഈ പരിശീലനം എല്ലാ സ്ഥലത്തും നടക്കുന്നുണ്ട്.

(2) വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധതി

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ വൃദ്ധജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് വൃദ്ധജനങ്ങളുടെ സംഖ്യ വർദ്ധിച്ചു വരികയാണ്. ചൈന കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം വയോധികർ ഉള്ളത് കേരളത്തിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ ഒരു ഇന്റേണൽ മെഡിസിൻ ജെറിയാട്രിക് വിഭാഗമുണ്ട്. ആ ജെറിയാട്രിക് വിഭാഗത്തിൽ ഇന്നലേയും ഇന്നുമായി ആൾ ഇൻഡ്യാ സെമിനാർ നടക്കുകയാണ്. അവരുടെ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യയുടെ 10 ശതമാനവും 60 വയസ്സു കഴിഞ്ഞ ആളുകളാണ്. ഈ നില തുടർന്നാൽ 25 വർഷം കഴിയുമ്പോൾ 5 കേരളീയരിൽ ഒരാൾ വൃദ്ധനായി മാറും എന്നാണ് ഇവിടെ ചർച്ച ചെയ്ത പ്രബന്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം. ഞാൻ ഇത് അങ്ങേയ്ക്ക് എഴുതിതന്നിട്ടുമുണ്ട്. കൂട്ടുകുടുംബം എന്ന സങ്കൽപത്തിൽ നിന്നും വ്യത്യസ്തമായി അണുകുടുംബങ്ങൾ സാർവത്രികമായി വരുന്ന ഈ കാലഘട്ടത്തിൽ വൃദ്ധജനങ്ങൾ വളരെ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജീവിതത്തിൽ നല്ല കാലം മുഴുവൻ സമൂഹത്തിനും മക്കൾക്കുംവേണ്ടി അധ്വാനിച്ച് ഒടുവിൽ ആരുമില്ലാതെയാകുന്ന ഇവരുടെ അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. സാമൂഹ്യ രംഗത്ത് നിൽക്കുന്ന നമുക്കും ഈ അവസ്ഥ നാളെയുണ്ടാകും. അത് എല്ലാവർക്കുമറിയാം. ആരുമില്ലാത്ത ഒരു അവസ്ഥ പരിതാപകരമാണ്. അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ സുവർണ്ണമയൂരം നേടിയ കേരളത്തിന്റെ മലയാളിയുടെ അഭിമാനമായ ജയരാജിന്റെ 'കരുണം' പറയുന്ന കഥയും

LIBRARY ARCHIVES Kerala Legislative Assembly